**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.227

04-06-2018 ൽ മറുപടിയ്ക്ക്

## കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ. അടൂർ പ്രകാശ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി വിട്ടുകിട്ടുന്നതിനായി യൂസർ ഏജൻസി എന്ന നിലയിൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് വകുപ്പ് നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടുവെന്ന് വിശദീകരിക്കുമോ; | **(എ)&(ബി)** സ്ഥലം വിട്ട് കിട്ടുന്നതിനായി ഓൺ ലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി ടി സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്രോജക്ട് റിപ്പോർട്ടും റവന്യൂ വകുപ്പിന്റെ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റും ആവശ്യമാണ്. ടി സർട്ടിഫിക്കറ്റുകൾക്ക് വനം, പൊതുമരാമത്ത് വകുപ്പുകൾക്ക് അപേക്ഷ നൽകുകയും വനം വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമാവുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പും അഗ്നിരക്ഷാ വകുപ്പും ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തി അഗ്നിരക്ഷാ നിലയത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടിയുള്ള ഭൂമിയാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സൗകര്യപ്രദമായ രീതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള പ്ലാൻ തയ്യാറാക്കി പ്രോജക്ട് റിപ്പോർട്ട് അടിയന്തിരമായി നൽകുന്നതിന് 07.03.2018 ൽ പൊതുമരാമത്ത് വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്. |
| ബി) | ആയതിലേയ്ക്ക് ഇനി എന്തെങ്കിലും നടപടികൾ പൂർത്തീകരിക്കുവാനുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | |
| സി) | ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം വിട്ടുകിട്ടുന്നതിന് ആവശ്യമായ തുടർനടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; | സി) നിർദ്ദേശം നൽകുന്നതാണ്. |

| | | |
|---|---|---|
| ഡി) | ഇക്കാര്യത്തിൽ നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നിർദ്ദേശം നൽകുമോ? | ഡി) പൊതുമരാമത്ത് വകുപ്പിന്റെ പ്രോജക്ട് റിപ്പോർട്ട് ലഭിക്കാത്തതിനാലാണ് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തത്. ആയത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ